# ജി.എൽ.പി.എസ്
# കരിപ്പോട്

# അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025-26

# ആമുഖം

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണ അക്കാദമിക് മാസ്റ്റർ പ്ലാൻ യജ്ഞം ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നാണ്. ഇതിനായി ഓരോ കുട്ടികളുടെ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായ ഘട്ടത്തിനനുസൃതമായി കരിക്കലും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കേണ്ടതുണ്ട്.

പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക, വികസിപ്പിക്കുക അതിലൂടെ പൊതു വിദ്യാഭ്യാസ നിലനിർത്തുക എന്നീ ലക്ഷ്യങ്ങളിലൂന്നിയുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ജനകീയ പരിപാടി സ്കൂളുകളുടെ അക്കാദമി നിലവാരം ഉയർത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുകയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

പ്രാഥമികതലത്തിൽ പറയുമ്പോൾ കുട്ടിയുടെ ഭാഷാശേഷി വികസനം ഈ പദ്ധതി ഉന്നമിടുന്നു. അതായത് മലയാളം നല്ലപോലെ കൈകാര്യം ചെയ്യാനും തെറ്റ് കൂടാതെ എഴുതാനും നമുക്ക് കഴിയണം. അന്താരാഷ്ട്ര ഭാഷ ഇംഗ്ലീഷ് ആണെങ്കിൽ നന്നായി സംസാരിക്കാൻ കഴിയണം. കുട്ടികളുടെ സർഗ്ഗശേഷി ഉയർത്തുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2025 -26 അക്കാദമിക വർഷത്തിൽ നിപുൺ ഭാരത് സർവ്വേയുടെ വിവരങ്ങൾ അനുസരിച്ച് ഒന്നും രണ്ടും ക്ലാസുകളിൽ ഭാഷാ പഠനത്തിനും മൂന്നാം ക്ലാസിൽ ഗണിതത്തിനും നാലാം ക്ലാസിൽ ഇംഗ്ലീഷ് പഠനത്തിനും പ്രാമുഖ്യം നൽകിയിരിക്കുന്നു. അതിനനുസരിച്ചുള്ള പഠന

നേട്ടങ്ങളും പഠന പ്രവർത്തനങ്ങളുമാണ് ഈ അക്കാദമിക വർഷത്തിൽ ലക്ഷ്യം വെക്കുന്നത്.

സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി മുഴുവൻ വിദ്യാലയങ്ങളും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരിക്കേണ്ടതാണ്.

മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിന് ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണം ആരംഭിച്ചിട്ടുള്ളത്. അറിവിനെ ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പഠനവും പരീക്ഷയും തമ്മിലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (KCF2005) നിർദ്ദേശങ്ങളും പ്രവർത്തനവും ശിശു കേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന് വിദ്യാഭ്യാസ അവകാശ നിയമം ( RTE ACT 2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും കൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

വിദ്യാർഥികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങളെക്കുറിച്ചും ലഹരിക്കെതിരെയുള്ള ബോധവൽക്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു ക്ലാസ് മികവ് വിദ്യാലയ മികവിളക്ക് എന്നതാണ് ആത്യന്തിക ലക്ഷ്യം

# ചരിത്രം

പിന്നീട് 2015 ശ്രീ മഹാരാജ ഗണപതി ക്ഷേത്ര ട്രസ്റ്റ് സ്കൂൾ ഏറ്റെടുക്കുകയും ഭൗതികസാഹചര്യങ്ങൾ കുറെ കൂടി മെച്ചപ്പെടുത്തുകയും ഉണ്ടായി. രണ്ടായിരത്തിൽ 17 കുട്ടികളോടെ പ്രീ പ്രൈമറി ആരംഭിച്ചു.

വളരെ നല്ല രീതിയിൽ ഇപ്പോൾ പ്രൈമറി ക്ലാസുകൾ നടന്നുവരുന്നു. ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ വിദ്യാലയം ശക്തമായ സാമൂഹിക പിന്തുണയോടും എസ്. എം. സി, പി. ടി. എ എന്നിവരുടെ സജീവ പങ്കാളിത്തത്തോടും കൂടി മികച്ച രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഈ വിദ്യാലയത്തിൽ നിന്നും അറിവിൻറെ ഹരിശ്രീ കുറിച്ച് നിരവധി കുട്ടികൾ ഇന്ന് കായിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും പോലീസ്, മിലിറ്ററി, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലും പ്രമുഖ സ്ഥാനങ്ങൾ അലങ്കരിക്കുന്ന വരാണ്.

2024-25 അധ്യയന വർഷത്തെ സബ്ജില്ലാ കലോത്സവത്തിലും ശാസ്ത്ര/ ഗണിതശാസ്ത്ര/ പ്രവർത്തിപരിചയമേളകളിലും കലാകായിക ഇനങ്ങളിലും ഈ സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ച്ചവെച്ചിട്ടുണ്ട്.

## സ്കൂളിനെ സംബന്ധിച്ച് സ്ഥിരവിവര കണക്കുകൾ 2023- 24

കുട്ടികളുടെ എണ്ണം

| ക്ലാസ് | കുട്ടികളുടെ എണ്ണം | | | എസ്. സി | | | ഒ ബി സി മുസ്ലിം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

## അധ്യപകരുടെ അധ്യാപകരുടെയും മറ്റു ജീവനക്കാരുടെ എണ്ണം

| | |
|---|---|
| H.M | 1 |
| LPSA | 3 |
| PTCM | 1 |
| Pre- Primary Teacher | |
| Pre- Primary Helper | 1 |

## വിദ്യാലയ മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുകയും അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികൾ എല്ലാം അവിടെ എത്തിച്ചേരുകയും ചെയ്യുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഇത് സാധിക്കാൻ വിദ്യാലയത്തെ ഭൗതികമായും അക്കാദമികമായും ഉയർത്തേണ്ടത് ഉണ്ട്. നിലവിലുള്ള പി.ടി.എ, എസ്.എം.സി, എം.പി. ടി, എസ്. എസ് , ജി എന്നിവയ്ക്ക് ഇതിൽ കാര്യമായ സംഭാവനകൾ നൽകാനാവും.

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും നമ്മുടെ വിദ്യാലയത്തിലെ സമാന പ്രായക്കാരും നേടി എന്നുറപ്പാക്കും. മത്സര ലോകത്തിൽ ജീവിക്കുവാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമ്മാർജന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യും.

ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകളുള്ള ആളാണ്. കഴിവിന്റെ വൈവിധ്യത്തെ മാനിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം. ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗ്ഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കുവാനും ആവശ്യമായ അവസരങ്ങൾ നൽകി അവ വികസിപ്പിക്കും.

## നിലവിലുള്ള അവസ്ഥാവിശകലനം

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളിന് സ്വന്തമായി കെട്ടിടവുമില്ല. സ്വന്തമായി വാഹനം ഇല്ലാത്തതും ഫീഡിങ് ഏരിയയിലെ കുട്ടികളും മറ്റ് അൺ എയ്ഡഡ് സ്കൂളുകാരുടെ വിദ്യാലയങ്ങളിലേക്ക് പോകാൻ കാരണമാകുന്നു. ഇംഗ്ലീഷ് മീഡിയം, ഇല്ലാത്തതും ഭൗതിക സാഹചര്യങ്ങൾ കളിസ്ഥലം ഇവിയുടെ അഭാവം സ്കൂൾ നേരിടുന്ന മറ്റു വെല്ലുവിളികൾ ആകുന്നു.

ശക്തമായ പിടിഎ മികച്ച സാമൂഹ്യ പങ്കാളിത്തം കലാകായിക, പ്രവർത്തിപരിചയ മേളകളിലുള്ള പങ്കാളിത്തം  പാഠ്യേതര പ്രവർത്തനങ്ങൾ കുട്ടികളെ പരിപോഷിക്കാനുള്ള അവസരം. ഫീൽഡ് ട്രിപ്പ് പൊതു ഇടങ്ങൾ സന്ദർശിക്കൽ, യുറീക്ക വിജ്ഞാനോത്സവം, അക്ഷരമുറ്റം ക്വിസ്, എന്നിവയിൽ പങ്കെടുക്കാനുള്ള അവസരം,മികച്ച ഹരിത വിദ്യാലയം,സ്കൂളിൻറെ യൂട്യൂബ് ചാനലായ ലിറ്റിൽ ബഡ്സ് ജി എൽപിഎസ് കരിപ്പോട് ഇവയെല്ലാം സ്കൂളിൻറെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു. മത്സര ഇനങ്ങളിൽ കുട്ടികൾ അധികം മികവ് പുലർത്തിയിട്ടുണ്ട്.

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയാൻ കാരണമാകുന്നു എന്നതിൻറെ അടിസ്ഥാനത്തിൽ സ്കൂളിന് സ്വന്തമായി സ്ഥലം ലഭിക്കുന്നതിനായി മുഖ്യമന്ത്രിയുടെ കരുതലും കൈത്താങ്ങും പൊതു അദാലത്തിൽ പരാതി നൽകുകയും ചിറ്റൂരിലെ മന്ത്രിമാർ ഉൾപ്പെടുന്ന

അദാലത്തിൽ പങ്കെടുക്കുകയും ചെയ്തു. നെന്മാറ നിയോജകമണ്ഡലം ബഹുമാനപ്പെട്ട എം.എൽ.എ

ശ്രീ.കെ ബാബു അവർകൾക്കും ,പാലക്കാട് ജില്ലാ കലക്ടർക്കും നിവേദനം നൽകുകയും നിരന്തരം ശ്രമങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഈ അധ്യയനവർഷം 2025-26 ആദ്യദിവസം തന്നെ കൂടിയ എസ് ആർ ജി യോഗത്തിൽ ചുമതലകൾ വിഭചിച്ച് നൽകി ചുമതല വിഭജനം താഴെയും പ്രകാരമാണ്.

| | | |
|---|---|---|
| പ്രീ പ്രൈമറി | - | വേക്കന്റ് |
| | - | സുനിത.വി, ഹെൽപ്പർ |
| ഒന്നാം ക്ലാസ് | - | ബീന.പി.കെ |
| രണ്ടാം ക്ലാസ് | - | മഞ്ജൂഷ. എം. |
| മൂന്നാം ക്ലാസ് | - | സറീന ബീഗം.യു |
| നാലാം ക്ലാസ് | - | ജലജ. പി. ജി |
| കുക്ക് | - | ലക്ഷ്മിക്കുട്ടി. എ |
| എസ്.ആർ ജി കൺവീനർ | - | സറീന ബീഗം .യു |
| സ്റ്റാഫ് സെക്രട്ടറി | - | ജലജ. പി. ജി |
| നൂൺ ഫീഡിങ് | - | ജലജ പി.ജി |
| ഐ.ഇ.ഡി.സി | - | സറീന ബീഗം.യു |
| അസംബ്ലി | - | സറീന ബീഗം .യു |
| പി.എസ്. ഐ.ടി..സി | - | മഞ്ജൂഷ .എം |
| ഹരിത ക്ലബ്ബ് | - | സറീന ബീഗം .യു |
| ഭാഷാ ക്ലബ്ബ് | - | മഞ്ജൂഷ .എം |
| ഇംഗ്ലീഷ് | - | സറീന ബീഗം .യു |
| ശാസ്ത്രം | - | മഞ്ജൂഷ .എം |
| ഗണിതം | - | സറീന ബീഗം .യു |
| ശുചിത്വ ക്ലബ്ബ് | - | രാമചന്ദ്രൻ സി വി |
| ഡോക്യുമെന്റേഷൻ | – | മഞ്ജൂഷ.എം |
| ലൈബ്രറി | - | മഞ്ജൂഷ.എം |

മാസത്തിൽ  രണ്ടു തവണ എസ്ആർ.ജി യോഗം കൂടുന്നു. കൂടാതെ അത്യാവശ്യ ചർച്ചകൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിലെല്ലാം തന്നെ എസ്ആർ.ജികൾ  കൂടുന്നു. കുട്ടികളുടെ അക്കാദമിക മികവുകൾ, പോരായ്മകൾ, ദിനാചരണങ്ങളിലെ പ്രവർത്തനങ്ങൾ മുതലായവ എസ് ആർ ജി യോഗങ്ങളിൽ ചർച്ചാവിഷയമാക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ ,ഓരോ ക്ലാസിലും വിഷയാടിസ്ഥാനത്തിൽ ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി വ്യക്തിഗത പ്ലാൻ എന്നിവ തയ്യാറാക്കുവാൻ തീരുമാനിച്ചു.  വ്യക്തിഗത മാസ്റ്റർ പ്ലാനിൽ ഓരോ കുട്ടിയുടെയും പഠന നിലവാരത്തിനനുസരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അവർക്കുള്ള പിന്തുണ പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു.  അവരെ സമഗ്ര വികസനത്തിലേക്ക് എത്തിക്കുക എന്നതാണ് ഈ അധ്യായന വർഷത്തിന്റെ ലക്ഷ്യം.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ 8 തലക്കെട്ടുകളിലായി പൊതു വിദ്യാഭ്യാസ വകുപ്പ് പ്രവർത്തന രൂപരേഖ ഇറക്കിയിട്ടുണ്ട്. അതു പ്രകാരം വിദ്യാലയം തനതായ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

- ◇ ഗുണമേന്മ പ്രചാരണം
- ◇ അക്കാദമിക കാര്യക്ഷമത
- ◇ മൂല്യനിർണയ രീതിശാസ്ത്രം
- ◇ സാങ്കേതിക സൗഹൃദ വിദ്യാഭ്യാസം
- ◇ ഭരണപരമായ പ്രവർത്തനങ്ങൾ
- ◇ ഗവേഷണ പ്രവർത്തനങ്ങൾ
- ◇ പരിശീലന പ്രവർത്തനങ്ങൾ
- ◇ വിദ്യാലയതല സമിതികൾ/ സ്ഥാപന പിന്തുണ

എന്നീ എട്ട് മേഖലകളിലാണ് സ്കൂൾ തനതായ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കേണ്ടത്.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രകാരം ഓരോ സ്ഥാപനവും വിശദമായ പ്ലാൻ തയ്യാറാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലംകോട് ബി ആർ സി തയ്യാറാക്കിയ അക്കാദമിക പ്ലാൻ

- ◇ മികവുത്സവം
- ◇ പഠനോപകരണ നിർമ്മാണ ശില്പശാല
- ◇ മൂല്യവേദി

◇ സംയുക്തം

◇ ക്ലസ്റ്റർ തല എക്സ്പേർട്ട് ഗ്രൂപ്പ്

◇ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ◇ സ്കൂൾ ലീഡർഷിപ്പ് എക്സലൻസ്

◇ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

◇ Self Esteem

◇ ലാംഗ്വേജ് ജേർണി

◇ അക്കാഡമിക് പ്രോഗ്രസ് കാർഡ്

◇ കളിയും കലയും

◇ "സ്നേഹ സ്പർശം"

ഓട്ടിസം സെൻറർ

◇ "സ്നേഹപാതം" ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

◇ സ്നേഹോദ്ധ്യാനം സ്പെഷ്യൽ കെയർ സെൻറർ

◇ "ഉണർവ്"തെറാപ്പി സെൻറർ

◇ " മഴവില്ല് "സ്പെഷ്യൽ എഡ്യൂക്കേറ്റർ മാരുടെ ഗവേഷണ പ്രവർത്തനങ്ങൾ

2 മുതൽ 4 ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾക്ക് മിനിമം ഗ്രേഡ് ഉറപ്പാക്കേണ്ടതാണ്. ഇതിനായി വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തന പദ്ധതികൾ

1. പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അവരുടെ ഗൃഹ സന്ദർശനം നടത്തുകയും, രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് നൽകുകയും ചെയ്യുക.

2. എൽ എസ് എസ്  പരീക്ഷ എഴുതുന്ന തരത്തിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

3. നൂതനാശയ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

4. ഐസിടി ഇൻ്റഗ്രേറ്റഡ് ആക്ടിവിറ്റി നടപ്പിലാക്കുക.

5. നിരന്തര മൂല്യനിർണയം ഉറപ്പാക്കുക.

6. യൂണിറ്റ് ടെസ്റ്റുകൾ സംഘടിപ്പിക്കുക

7. വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

8. വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.

9. PEC യോഗങ്ങൾ ശക്തമാക്കുക.

ഈ കാര്യങ്ങൾ മുൻനിർത്തി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി വിദ്യാലയത്തിൽ പ്രവർത്തനം നടത്താൻ തീരുമാനിച്ചു.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| Sl. No | പ്രോഗ്രാം | Activity | Duration | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | തേൻ മൊഴി (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ) | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അടയാളങ്ങൾ ഉറപ്പിക്കൽ<br>4.അക്ഷരക്കാട്ടുകൾ വായിക്കാൻ പദക്കാർഡ് ഉൾപ്പെടുന്ന വാക്കുകൾ നിർമ്മിക്കൽ<br>5. കഥയുടെ ചിത്രങ്ങൾ ഉപയോഗിച്ച് കഥ നിർമിക്കൽ<br>6.കഥാ വായന<br>7.കഥയെഴുതൽ<br>8.കഥാപൂരണം<br>9.കഥകളുടെ വീഡിയോ ക്ലിപ്പിംഗ് ഉപയോഗിച്ച് കഥപറയിക്കൽ<br>10.ഐസിടി സാധ്യത പ്രയോജനപ്പെടുത്തി കഥ പ്രദർശനം<br>11.ചിത്രം നോക്കി വാക്യങ്ങൾ എഴുതാൻ | ജൂൺ ഓഗസ്റ്റ് | പുസ്തകങ്ങൾ, ചാർട്ട്, മാർക്കർ, സ്കെച്ച്, പേന, ചിത്രങ്ങൾ, കഥാചിത്രങ്ങൾ, ലാപ്ടോപ്പ്, പ്രൊജക്ടർ | ടീച്ചേഴ്സ്, ബി. ആർ. സി, പി. ടി. എ | 1500 |

| | | | | | | |
|---|---|---|---|---|---|---|
| | | 12.ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>13.ഒന്നും രണ്ടും ക്ലാസിലേക്ക് സചിത്ര പാഠപുസ്തകം<br>14.സംയുക്ത ഡയറി | | | | |
| 2 | മാതൃഭാഷ നിലവാരം ഉയർത്താനായി ഭാഷാ ഉന്നമന പ്രവർത്തനങ്ങൾ | 1.മലയാള മധുരം,<br>2.റീഡേഴ്സ് തിയേറ്റർ<br>3.സചിത്ര നോട്ട്<br>4. ക്ലാസ് പത്രം<br>5.ഭാഷോത്സവം<br>6.നാട്ടുവിശേഷം കൂട്ടെഴുത്ത്<br>7.സംയുക്ത ഡയറി<br>8.സാങ്കല്പിക ഡയറി<br>9. വായനോത്സവം സംഘടിപ്പിക്കൽ<br>10.പത്രവായന<br>11.വായനാക്കുറിപ്പ് പതിപ്പ്<br>12.ആസ്വാദനക്കുറിപ്പ് പതിപ്പ്<br>13.ബാലസഭ<br>14.ദിനാചരണങ്ങൾ<br>15.അമ്മ വായന<br>16.ഐസിടി സാധ്യതകൾ ഉൾപ്പെടുത്തി ലൈബ്രറി പുസ്തക പരിചയം | ജൂൺ മുതൽ മാർച്ച് | ഐ സി ടി പ്രയോജനപ്പെടുത്തൽ,<br>ജീവചരിത്ര പുസ്തകങ്ങൾ,<br>പത്രങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ,<br>ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.<br>ബാലപ്രസിദ്ധീകരണങ്ങൾ.<br>വായനാ മൂല. | എച്ച്. എം, ടീച്ചേഴ്സ്, ബി. ആർ. സി, പി.ടി.എ, എം. പി. ടി. എ | 2000 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | 17.വായനാമൂല ഒരുക്കൽ<br>18.കുട്ടികളുടെ ബാല പ്രസിദ്ധീകരണങ്ങൾ വായിക്കാൻ അവസരം നൽകൽ<br>19.രചനകളെ പരിചയപ്പെടൽ ഐസിടിയുടെ സഹായത്തോടുകൂടി കലാകാരന്മാരെ കവികളെ പരിചയപ്പെടൽ | | | | |
| 3 | **നൂതനാശയ പ്രവർത്തനം - കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്**<br>Littile Scholar ഇംഗ്ലീഷ് (എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ) | 1.ഇംഗ്ലീഷ് അസംബ്ലി<br>2.ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br>3.ന്യൂസ് റീഡിങ് ഇൻ ഇംഗ്ലീഷ്<br>4.വായന സാമഗ്രികൾ<br>5.റീഡിങ് കാർഡ്സ് പ്രോഗ്രാംസ്<br>6.പ്രസന്റേഷൻ ഓഫ് ഡിസ്കോഴ്സസ്<br>7.Language acquisition through theatre and art<br>8.Readers theatre<br>9.Readers Corner<br>10.ICT | ജൂൺ മുതൽ മാർച്ച് | റീഡിങ് കാർഡ്, പിക്ചേഴ്സ് ചാർട്ട്, സ്കെച്ച്, മാർക്ക്, ടി. എൽ. എം, റിലേറ്റഡ് ലെസൻസ് | ടീച്ചേഴ്സ് ,വിദ്യാർഥി | 3000 |
| 4 | കുഞ്ഞു ശാസ്ത്രജ്ഞന്മാർ (ശാസ്ത്ര | 1. ശാസ്ത്രജ്ഞന്മാരെ രൂപീകരിക്കൽ<br>2.ശാസ്ത്രകാരന്മാരെ പരിചയപ്പെടൽ | ജൂലൈ മുതൽ ഫെബ്രുവരി | ശാസ്ത്രപുസ്തകങ്ങൾ, പരിചയപ്പെടൽ , ലൈബ്രറി | എച്ച്. എം,ടീച്ചേഴ്സ് , വിദ്യാർഥി,ബി. ആർ. സി, | 4000 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രവർത്തനങ്ങ ൾ ഫലപ്രദമായി ചെയ്യുന്നതിനും ശാസ്ത്രജ്ഞ വളർത്തുന്നതി നും) | 3.ശാസ്ത്ര പരീക്ഷണങ്ങൾ ഏർപ്പെടൽ<br>4.ശാസ്ത്രമേളകൾ പങ്കെടുക്കൽ<br>5.ശാസ്ത്രനാടകം വിപുലമായ ദിനാചരണങ്ങൾ ഐസിടി പ്രയോജനപ്പെടുത്തൽ | | പുസ്തകങ്ങൾ ,ശാസ്ത്രവുമായിലൈബ്രറി ബന്ധപ്പെട്ട് പുസ്തകങ്ങളുടെ പ്രയോജനപ്പെടുത്തൽ, വായനാമൂലകൾ പ്രയോജനപ്പെടുത്തൽ | | |
| 5 | ഗണിതം ലളിതം (ഗണിത പ്രവർത്തനങ്ങ ൾ ഫലപ്രദമായി ചെയ്യുന്നതിനും ഗണിതാപിരി വളർത്തുന്നതി നും) | 1.ഗണിത ക്ലബ്ബ്<br>2.ഗണിതശാസ്ത്രത്തെ പരിചയപ്പെടാൻ<br>3.ഗണിത മേളകൾ പങ്കെടുക്കൽ<br>4.ഗണിത മാഗസിൻ തയ്യാറാക്കൽ<br>5.ഗണിത ശിൽപ്പശാലകൾ<br>6.ഗണിതകേളികളിൽ പങ്കെടുക്കൽ<br>7.ഗണിത പുസ്തകങ്ങൾ ലൈബ്രറികളിൽ നിന്നും പരിചയപ്പെടൽ<br>8.വായനാമൂലയിൽ ഗണിത പുസ്തകങ്ങൾ ഉൾപ്പെടുത്തൽ<br>9.പഠനോപകരണങ്ങ ൾ തയ്യാറാക്കൽ<br>10.ഗണിത കിറ്റ്<br>11.കഥയും കണക്കും | ജൂൺ മുതൽ മാർച്ച് | ഗണിത പുസ്തകങ്ങൾ ഗണിത ലാബ് ഗണിത വിജയം ഉല്ലാസ് ഗണിതം പ്രവർത്തനങ്ങൾ ഗണിത ശില്പശാല ഐ സി ടി | എച് എം ടീച്ചേഴ്സ് | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | | 12.ഗണിത ജാലകം<br>13. അളക്കാം പഠിക്കാം<br>14.മാന്ത്രിക പെട്ടി<br>15.മഞ്ചാടി സഞ്ചി<br>16.കണക്ക് പെട്ടി | | | | |
| 6 | ജൈവ വൈവിധ്യ ഉദ്യാനം | 1. നിരീക്ഷണം<br>2.സസ്യങ്ങളെ തിരിച്ചറിയൽ | ജൂൺ മുതൽ മാർച്ച് | ചെടി ചട്ടികൾ, പ്രാദേശിക വിഭവങ്ങൾ | എച്ച്. എം, ടീച്ചേഴ്സ്, ബി. ആർ. സി, പി.ടി.എ, എം. പി. ടി. എ | 2000 |
| 7 | അടുക്കള പച്ചക്കറിത്തോട്ടം | 1. ഉച്ച ഭക്ഷണത്തിനു വേണ്ടിയുള്ള വിഷരഹിത പച്ചക്കറികൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് | ചെടി ചട്ടികൾ, പ്രാദേശിക വിഭവങ്ങൾ, തൈ ശേഖരണം | എച്ച്. എം, ടീച്ചേഴ്സ്, ബി. ആർ. സി, പി.ടി.എ, എം. പി. ടി. എ | 2000 |
| 8 | NAS/SEAS | മൂന്നാം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള പരിശീലനം | ജൂലൈ മുതൽ ഡിസംബർ വരെ | മാതൃക ചോദ്യപേപ്പറുകൾ ,പാഠഭാഗത്തോട നുബന്ധിച്ചുള്ള ചോദ്യാവലികൾ | ടീച്ചേഴ്സ്, എസ് ആർ. ജി,ബി. ആർ. സി, | 1000 |
| 9 | One school One game | ഒന്നു മുതൽ നാലു വരെ കുട്ടികൾക്കുള്ള കായിക ക്ഷമത പരിശീലനം | ജൂൺ മുതൽ മാർച്ച് | *ഗെയിമുകളും ലഘു വ്യായാമങ്ങളും<br>* സുംബാ ഡാൻസ്, ഏറോബിക് ഡാൻസ് | എച്ച്. എം, ടീച്ചേഴ്സ്, ബി. ആർ. സി, പി.ടി.എ, എം. പി. ടി. എ | 2000 |
| 10 | ശ്രദ്ധ | മൂന്നാം ക്ലാസിലെ | ജൂൺ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | പിന്നോക്കം നിലവാരക്കാർക്കുള്ള പ്രത്യേക പരിശീലന ക്ലാസുകൾ | മുതൽ മാർച്ച് | | | |

# പ്രവർത്തനങ്ങൾ

## മേഖല :വായന

## ലക്ഷ്യം :എല്ലാ കുട്ടികളെയും മികച്ച വായന സംസ്കാരം വളർത്തുന്നു

**പ്രവർത്തനങ്ങൾ.**

**തേൻ മൊഴി**

(ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ )

1. പ്രീ ടെസ്റ്റ് നടത്തുന്നു
2.പിന്നോക്കാരെ കണ്ടെത്തുന്നു
3.അക്ഷരമുറപ്പിക്കൽ
4.മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു
5. അക്ഷരക്കാർഡുകൾ വായിക്കാൽ
6.പദക്കാർഡ് നിർമ്മിക്കാൻ
7.കഥയുടെ ചിത്രങ്ങൾ ഉപയോഗിച്ച് കഥാവായന
8.കഥയെഴുതൽ
9.കഥകളുടെ വീഡിയോ ക്ലിപ്പിംഗ് ഉപയോഗിച്ച് കഥ പറയിപ്പിക്കൽ
10.പ്രദർശനത്തിലൂടെ വാക്യങ്ങൾ
11.ചിത്രം നൽകി വാക്യങ്ങൾ എഴുതാൻ.
12 ഭിന്നശേഷിക്കാരെ പരിഗണിക്കൽ.
13 ഭിന്നശേഷിക്കാർക്ക് പ്രത്യേകം പ്രവർത്തന പാക്കേജ്.
14.അധ്യാപകരുടെ സേവനം.
15.അക്ഷരങ്ങൾ ഉറപ്പിക്കാൻ അക്ഷര ചെപ്പ് നോട്ടുപുസ്തകം സൂക്ഷിക്കൽ

**മാതൃഭാഷ നിലവാരം ഉയർത്താനായി ഭാഷാ ഉന്നമന പ്രവർത്തനങ്ങൾ**

1. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് അവതരണം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ വായിച്ച കൃതികളുടെ രംഗ ആവിഷ്കാരം, വായനാദിനം ആചരണം.

2.**പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കാൻ, ക്വിസ് ,വാർത്ത തയ്യാറാക്കൽ പത്രം തയ്യാറാക്കൽ.

3.**വായനക്കുറിപ്പ്**

പതിപ്പ് ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിച്ച് പതിപ്പാക്കുന്നു

4.**വായനാ മൂല ക്രമീകരിക്കാൻ**

കുട്ടികൾക്കായി ലേബർ പുസ്തകങ്ങളും ഉൾപ്പെടുന്ന വായനാമൂല സജീകരണത്തിൽ സജ്ജീകരിക്കുന്നു.

**5. ബാലസഭ**

ബാലസഭ രൂപീകരണം നിലവാര പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു 5 ദിനാചനങ്ങൾ വായനയും പ്രോത്സാഹിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങൾ മത്സരങ്ങളും സംഘടിപ്പിക്കുന്നു കവിതാലാപനമായി ബന്ധപ്പെട്ട കുട്ടികൾക്ക് അവസരം നൽകുന്നു കുട്ടികൾക്ക് സ്വന്തം കവിതകളും അവതരിപ്പിക്കുന്നു.

**6. പാട്ടരങ്ങ്**

കുട്ടികൾ പരിചയപ്പെട്ട കവിതകൾ, സമാനാശയമുള്ള കവിതകൾ താളത്തോടെ പാടി അവതരിപ്പിക്കുന്നു.

**7.സംയുക്ത ഡയറി**

കുട്ടിയുടെ ദൈനംദിന പ്രവർത്തനങ്ങൾ രക്ഷിതാവിന്റെ സഹായത്തോടു കൂടി പുസ്തകത്തിൽ രേഖപ്പെടുത്തുന്ന അതിനോട് യോജിച്ച ചിത്രം വരയ്ക്കുന്നു.

**8.മലയാളം മധുരം.**

കുട്ടികൾ ചെറിയ രചനകൾ വായിക്കുന്നു.

**9. റീഡേഴ്സ് തിയേറ്റർ**

രചനകൾ ദൃശ്യാവിഷ്കരിക്കുന്നു.

**10.സാങ്കല്പിക ഡയറി**

സർഗാത്മ രചനകൾ തയാറാക്കുന്നു.

**11.സംയുക്ത ഡയറി**

കുട്ടിയും രക്ഷിതാവും ചേർന്ന് രചിക്കുന്നു.

അസംബ്ലിയിൽ ഒരു ഇനമായി കവി, കൃതികൾ സാഹിത്യകാരൻമാരെ പരിചയപ്പെടുന്ന ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ, രചയിതാക്കളുടെ ജനനം ,ദിനാചരണവുമായി ബന്ധപ്പെടുത്തി വീഡിയോ പ്രദർശനം, ഐസിടി അമ്മ വായന ,അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം വായനക്കുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കഥകൾ വായിച്ച് അവതരിപ്പിക്കാൻ അവസരം.

## മേഖല: Little Scholar

### ലക്ഷ്യം: ഇംഗ്ലീഷ് പഠനം പരിപോഷണം

പ്രാർത്ഥന, പ്രതിജ്ഞ, ജികെ ക്വസ്റ്റ്യൻ,ന്യൂസ് അവതരിപ്പിക്കുന്നു.
ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം

സ്റ്റുഡൻസ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ഇംഗ്ലീഷ് വായനക്കാരുടെ റീഡിങ് സ്റ്റോറീസ് പത്രം മെച്ചപ്പെടുത്തുന്ന ഏതെങ്കിലും കുട്ടികൾ അവതരിപ്പിക്കുന്നു.

Little Scholar

- Readers theatre
- One day one word
- Readers corner & Activity Corner etc...

ഇംഗ്ലീഷ് നായി പ്രത്യേകം ഒരു നോട്ട് പുസ്തകം സൂക്ഷിക്കുന്നു ചെറിയ വാക്യങ്ങൾ, ചിത്രരചന, ഡിസ്ക്രിപ്ഷൻ ഉൾപ്പെടുത്തി ബുക്ക് ആകർഷകമാകട്ടെ.

## മേഖല :ശാസ്ത്രം

## ശാസ്ത്രം പോഷൺ പരിപാടി

## കുഞ്ഞു ശാസ്ത്രജ്ഞന്മാർ

**ലക്ഷ്യം : ഉയർന്ന ശാസ്ത്രബോധവും ശാസ്ത്രജ്ഞതയും വളർത്തിയെടുക്കുക**

പ്രവർത്തനങ്ങൾ കുഞ്ഞ് ശാസ്ത്രജ്ഞന്മാർ രൂപീകരിക്കൽ ശാസ്ത്രപരിചിത കുട്ടികളെ ഉൾപ്പെടുത്തിയ ശാസ്ത്രജ്ഞ രൂപീകരിക്കുന്നു.

1. ശാസ്ത്രകാരന്മാരെ പരിചയപ്പെടുത്തി കുട്ടികളുടെ അവതരണം.
2. ശാസ്ത്ര പരീക്ഷണങ്ങൾ ഏർപ്പെടൽ മാസംതോറും നടത്തുന്ന ശാസക പ്രവർത്തനങ്ങൾ ഒരിനം ഏതെങ്കിലും ഒരു ശാസ്ത്രിക്കുന്നു.
3. ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടാൻ മൂലയിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുന്ന അവസരം നൽകുന്നു ശാസ്ത്രമേളകളിൽ പങ്കെടുക്കാൻ ശാസ്ത്രീയ സ്കൂളുകൾ നടത്തുന്ന സബ് ജില്ലാതലത്തിൽ പങ്കെടുപ്പിക്കുന്നു.
4. ജൈവവൈവിധ്യ ഉദ്യാനം നിരീക്ഷണം, നിരീക്ഷണക്കുറിപ്പ്, പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.

**മേഖല :ഗണിതം**

**ലക്ഷ്യം:ഗണിത നൈപണിയും ഗണിതബോധവും വളർത്തിയെടുക്കുക**

**പ്രവർത്തനങ്ങൾ :ഗണിതം ലളിതം**

**1.ഗണിത ക്ലബ് രൂപീകരിക്കാൻ**
ഗണിതാപരിചിതയിലെ കുട്ടിയുടെ ഉൾപ്പെടുത്തി ഗണിത ക്ലബ് രൂപീകരിക്കുന്നു

2. മാസംതോറും നടത്തുന്ന ഗണിത പ്രവർത്തനങ്ങൾ അവരുടെ സംഭാവനകൾ ജീവിതരേഖ ഉൾപ്പെടുന്ന സെമിനാർ പ്രബന്ധം അവതരണം

3.**ഗണിത ശില്പശാല ഒരുക്കൽ** രക്ഷിതാക്കൾ ഉൾപ്പെടുത്തി ഗണിതശാലകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ തയ്യാറാക്കുന്നുമായി ബന്ധപ്പെട്ട് മൂന്നാം ക്ലാസിലെ നാലാം ക്ലാസിലെയും വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഭാഷ ഗണിത പരിശീലനം നൽകുന്നു.

4.ക്ലാസ് തലത്തിൽ **മഞ്ചാടി സഞ്ചി, കണക്ക്പ്പെട്ടി** എന്നിവ തയ്യാറാക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട മൂർത്ത വസ്തുക്കൾ അതിൽ ശേഖരിക്കുന്നു.

**മേഖല ജൈവവൈവിധ്യം**

**ലക്ഷ്യം :പാരിസ്ഥിതി അവബോധം മാലിന്യനിർമാർജ്ജ അവബോധം**

പ്രഖ്യാപ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യൽ പ്രവർത്തനങ്ങൾ

1. ജൈവകൃഷി ജൈവവളങ്ങളും ഒരു പച്ചക്കറിത്തോട്ടം സ്കൂൾ വളപ്പിൽ ഉച്ചഭക്ഷത്തിന് ഇവ പ്രയോജനപ്പെടുത്തുന്നു.

2.പരിസ്ഥിതി അവബോധം എന്ന ലക്ഷ്യത്തിനു വേണ്ടിയുള്ള അനുഭവങ്ങൾ പ്രധാനം ചെയ്യുക.

ചുമതല ഹെഡ്മാസ്റ്റർ, ടീച്ചേഴ്സ്, പിടിഎ

സാമ്പത്തികം 5000

ജൈവവൈവിധ്യ ഉദ്യാനം സ്കൂളിന് മോഡിംഗനത്തിൽ പൂന്തോട്ടം ചുമതല ഹെഡ്മിസ്ട്രസ് ടീച്ചേഴ്സ് സാമ്പത്തികം 2000 രൂപ

**ഗ്രീൻ പ്രോട്ടോകോൾ പ്ലാസ്റ്റിക് രഹിത മാലിന്യമുത് വിദ്യാലയം**

ഓരോ ക്ലാസിലും വേസ്റ്റ് ബിൻ പ്ലാസ്റ്റിക് രഹിത വിദ്യാലയം ആഴ്ചയിലൊരു ദിവസം മാലിന്യ ശേഖരണം സംസ്കരണം ചുമതല എസ് ആർ ജി സാമ്പത്തികം 3000 രൂപ കമ്പ്യൂട്ടർ പരിശീലനം ഐസിടിയുടെ പരിജ്ഞാന പരിശീലനം അധ്യാപകർക്ക് ഉറപ്പുവരുത്തുക മോണിറ്ററും കാര്യക്ഷമമാക്കുക ലാഭകരം എന്നൊരു ഉറപ്പുവരുത്തുക

**മേഖല :ക്ലാസ് പിടി എ സജീവമാക്കൽ**

**ലക്ഷ്യം:അക്കാദമിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.**

**പ്രവർത്തനങ്ങൾ**

കുട്ടികളുടെ പഠന പുരോഗതി ഓരോ മാസവും വിലയിരുത്തി മൂല്യനിർണയം നടത്തുന്നു. ഈ രേഖ രക്ഷിതാക്കളെ അറിയിക്കുന്നതിനു വേണ്ടി ഓരോ മാസവും ക്ലാസിക് വിളിച്ചു കൂട്ടുന്നു. കുട്ടികളുടെ മുഖ പ്രവർത്തനങ്ങൾ ഈ വേദിയിൽ അവതരിപ്പിക്കുന്നു ഓരോ രക്ഷിതാവിനും തങ്ങളുടെ കുട്ടിയുടെ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് ഇത്തരം ക്ലസ് അവസരം ഒരുക്കുന്നു. ചുമതല

ക്ലാസ് ടീച്ചർ

സാമ്പത്തികം 1000

**മേഖല :അധ്യാപക പരിശീലന പരിപാടി**

**ലക്ഷ്യം : അക്കാദമികവിനായി എല്ലാർക്കും അധ്യാപക പരിശീലനം ഉറപ്പുവരുത്തുക.**

**പ്രവർത്തനങ്ങൾ**

പഠന പ്രവർത്തനങ്ങൾ ആസൂത്രിതമായി നടപ്പിലാക്കുന്ന പരിശീലനം അധ്യാപകർക്ക് ലഭ്യമാക്കുക

എസ് ആർ ജികൾ കാര്യക്ഷമമാക്കുക

ക്ലാസിലും ലൈബ്രറി നവീകരണം ലക്ഷ്യം കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുത്ത് കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തുക. കുട്ടികളിൽ വായനാശീലം വളർത്തുന്ന പ്രവർത്തനങ്ങൾ.

ഓരോ ക്ലാസിലേക്ക് വേണ്ട പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. കുട്ടികളെ നിലവാരം മത്സരം പുസ്തക തെരഞ്ഞെടുക്കുന്ന ഓരോ ക്ലാസിലേക്ക് പ്രസ്ഥാനം സൂക്ഷിക്കാൻ ഒരു വായന മൂല സജ്ജീകരിക്കുന്നു ക്ലാസ്സിൽ ഓരോ കുട്ടിക്കും സ്വയം പുസ്തകം സ്വാതന്ത്ര്യം നൽകുന്നു

ചുമതല ക്ലാസ് ടീച്ചർ സാമ്പത്തികം 20,000 രൂപ

**പഠനയാത്രകൾ**

**ലക്ഷ്യം : പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്**

**പ്രവർത്തനങ്ങൾ**

ശാസ്ത്ര ,സാമൂഹിക - ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി യാത്രകൾ നടത്തുന്നു

ചുമതല :എസ് ആർ ജി, പി ടി എ

സാമ്പത്തികം: 20000 രൂപ.

**മേഖല :ആരോഗ്യ കായിക വിദ്യാഭ്യാസം**

**ലക്ഷ്യം :വിദ്യാർത്ഥികളുടെ കായിക ക്ഷമത വർധിപ്പിക്കുക**

**പ്രവർത്തനങ്ങൾ**

ഒഴിവു വേളകളിൽ കായിക അഭ്യാസം നൽകുക, സുംബ, എയറോബിക്,കളികൾ എന്നിവയ്ക്ക് പ്രാധാന്യം കൊടുത്ത് അവർക്ക് കായികാഭ്യാസം ചെയ്യുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക. ചുമതല ക്ലാസ് ടീച്ചർ.

## ഉപസംഹാരം

തികച്ചും കാർഷിക പശ്ചാത്തലമുള്ള ഒരു പിന്നോക്ക ഗ്രാമത്തിലെ ജനസമൂഹത്തെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിൽ കാര്യക്ഷമമായി പങ്കുവെച്ച സ്ഥാപനമാണ് പൊതുജനങ്ങളുടെയും പിടിഎ യുടെയും ഇടപെടലുകളും ഒത്തൊരുമയും ഈ സ്കൂളിലെ മികവിന്റെ പാതയിലേക്ക് നയിക്കുന്നുണ്ട് നന്മകളെ സംബന്ധമായി നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കാൻ ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.